പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1170** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>ദേശീയപാതയിലേക്കുള്ള പ്രവേശന സൗകര്യം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

പ്രൊഫ. സി. രവീന്ദ്രനാഥ് ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** വാടാനപ്പള്ളി ഗ്രാമപഞ്ചായത്തിലെ ദേശീയപാതയോട് ചേർന്ന് ഏംഗൽസ് അണ്ടർപാസിന് സമീപം താമസിക്കുന്ന കുടുംബാംഗങ്ങൾക്ക് ദേശീയപാതയിലേയ്ക്ക് കാൽനടയായി പോലും സുരക്ഷിതമായി പ്രവേശിക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** ദേശീയ പാത നിർമ്മാണം ദേശീയ പാത അതോറിറ്റിയാണ് ചെയ്യുന്നത്. പ്രസ്തുത സ്ഥലം വാടാനപ്പള്ളി ബൈപ്പാസിന്റെ പരിധിയിലാണ് വരുന്നത്. നിലവിൽ റോഡ് നെറ്റ്‌വർക്ക് ലഭ്യമല്ലാത്ത ബൈപ്പാസ് സ്ട്രെച്ചുകളിൽ പൊതുവെ സർവ്വീസ് റോഡുകൾ നൽകാറില്ല. എന്നിരുന്നാലും, ഈ സ്ഥലത്തിന് സമീപം, ഏഞ്ചൽസ് നഗറിനെയും ദേശീയപാതയുടെ മറുവശത്തെയും, ടിപ്പു സുൽത്താൻ റോഡിനെ ഉൾപ്പടെ, തമ്മിൽ ബന്ധിപ്പിക്കുന്നതിനായി ഡിസൈൻ ചെയിനേജ് 362+578-ൽ ഒരു Small Vehicle Underpass (SVUP) നൽകിയിട്ടുണ്ട്. പ്രധാന കാരിയേജ്‌വേ ചുറ്റുമുള്ള ഗ്രൗണ്ട് ലെവലിൽ നിന്നും ഏകദേശം 5.5 മീറ്റർ ഉയരത്തിലാണെന്നതിനാൽ ഈ സ്ഥലത്ത് പ്രധാന കാരിയേജ്‌വേയിലേക്ക് നേരിട്ട് പ്രവേശനം സാധ്യമല്ല. അതിനാൽ, പ്രദേശവാസികൾക്ക് പ്രവേശന സൗകര്യം ഒരുക്കുന്നതിനായി ഏഞ്ചൽസ് നഗറിൽ നിന്നും SVUP - ലേക്ക് മൺറോഡ് കണക്റ്റിവിറ്റി ഉറപ്പാക്കിയിട്ടുണ്ട്.

**(ബി)** പ്രസ്തുത പ്രദേശത്തെ ജനങ്ങളുടെ യാത്രാപ്രശ്നം പരിഹരിക്കുന്നതിനായി ദേശീയപാത അതോറിറ്റിയുമായി ബന്ധപ്പെട്ട് പരിശോധന നടത്തിയിട്ടുണ്ടോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** പ്രദേശവാസികൾക്ക് ദേശീയപാതയിലേയ്ക്കും സമീപ പ്രദേശങ്ങളിലേയ്ക്കും സുരക്ഷിതമായി എത്തിച്ചേരുന്നതിനായി കാൽനടപ്പാത, അപ്രോച്ച് റോഡ്, മറ്റ് ആവശ്യമായ സൗകര്യങ്ങൾ എന്നിവ ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(ഡി)** ദേശീയപാത നിർമ്മാണത്തിന്റെ ഭാഗമായി പ്രദേശവാസികളുടെ നിലവിലുള്ള പ്രവേശന സൗകര്യം നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ അത് പുനഃസ്ഥാപിക്കുന്നതിന് ദേശീയപാത അതോറിറ്റിക്ക് നിർദ്ദേശം നൽകുമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**